**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ; ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് വിദ്യാർത്ഥികൾക്ക് യഥാസമയം ലഭ്യമാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ, 2024-2025 അധ്യയനവർഷം 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തങ്ങൾ നിലവിൽ വന്നു. രണ്ടാം ഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തങ്ങൾ 2025-2026 അധ്യയനവർഷം തുടങ്ങുന്നതിനു മുമ്പുതന്നെ കുട്ടികളുടെ കൈകളിൽ എത്തിച്ചിട്ടുണ്ട്. പരിഷ്കരിച്ച പാഠപുസ്തകങ്ങൾക്കെല്ലാം തന്നെ ടീച്ചർ ടെക്സ്റ്റുകൾ കൂടി വികസിപ്പിച്ചിട്ടുണ്ട്. പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ച് അധ്യാപകരുടെ പരിശീലന പരിപാടികളും പൂർത്തീകരിച്ചു. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളിലെ ജനകീയമായ ഇടപെടലുകളെ UNESCO 2024 ൽ പുറത്തിറക്കിയ യൂത്ത് റിപ്പോർട്ടിൽ പ്രശംസിച്ചിട്ടുണ്ട്. |
| (ബി) | പുതുക്കിയ പാഠ്യപദ്ധതി സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളെ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ലഭിച്ചത്; പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | വിപുലമായ ജനകീയ ചർച്ചകളിലൂടെ അഭിപ്രായം സ്വീകരിച്ചാണ് പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കിയത് എന്നതിനാൽ പുതുക്കിയ പാഠ്യപദ്ധതിയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി കേരളം നടത്തിയ ഫീഡ്ബാക്ക് പഠനത്തിൽ ഗൗരവമായ പരാതികൾ ലഭിച്ചില്ല. അധ്യാപക പരിശീലന സമയത്ത് അധ്യാപകരിൽ നിന്നും, സ്കൂളുകൾ സന്ദർശിച്ച് അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരിൽ നിന്നും പുതുക്കിയ പാഠപുസ്തകങ്ങളെ സംബന്ധിച്ച് ഫീഡ്ബാക്ക് എടുക്കുകയുണ്ടായി. 1. 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ |

| | | | |
|---|---|---|---|
| | | | പുനഃപ്രസിദ്ധീകരിച്ചപ്പോൾ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഹയർ സെക്കണ്ടറിതലത്തിലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പുരോഗതി അറിയിക്കുമോ; ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഇത് നടപ്പിലാക്കുന്നത്; വിശദാംശം അറിയിക്കുമോ; | (സി) | 1 മുതൽ 10 ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം പൂർത്തിയായതിനെ തുടർന്ന് അടുത്ത അധ്യയന വർഷം ഹയർസെക്കൻഡറി പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നു. പരിഷ്കരണത്തെ സംബന്ധിച്ച് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും അഭിപ്രായവും നിർദേശങ്ങളും ക്രോഡീകരിച്ച് പാഠപുസ്തക രചനാസമിതിക്ക് കൈമാറിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ SCERT തയ്യാറാക്കിയ 80 ടൈറ്റിൽ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2026 ഫെബ്രുവരി മാസം പാഠപുസ്തക രചന പൂർത്തിയാക്കി പ്രിന്റിങ്ങിനു നൽകാനാണ് ലക്ഷ്യമിടുന്നത്. 2026-27 അധ്യയന വർഷം 11-ാം ക്ലാസിലും 2027-28-അധ്യയന വർഷത്തിൽ 12-ാം ക്ലാസിലും പരിഷ്കരിച്ച പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരുന്നതാണ്. പാഠപുസ്തക രചന നിർവ്വഹിക്കുന്നത് എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിലാണ്. സർവകലാശാല, കോളേജ് പ്രൊഫസർമാർ വിദഗ്ധരായും ഹയർസെക്കൻഡറി, ഡയറ്റ് അധ്യാപകർ രചയിതാക്കളുമായുള്ള സമിതിയാണ് പാഠപുസ്തക രചന നിർവ്വഹിക്കുന്നത്. |
| (ഡി) | കുട്ടികൾക്ക് ജീവൻരക്ഷാ സംബന്ധമായ കാര്യങ്ങളിൽ പ്രാഥമികജ്ഞാനം ലഭിക്കുന്ന തരത്തിലുള്ള സംഗതികൾ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജീവൻരക്ഷാ സംബന്ധമായ കാര്യങ്ങളിൽ പ്രാഥമികജ്ഞാനം ലഭിക്കുന്ന തരത്തിലുള്ള ഉള്ളടക്കം പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഡിയോ പൾമണറി റെസസിറ്റേഷൻ (സി.പി.ആർ) നടപടിക്രമത്തെക്കുറിച്ച് 10-ാം ക്ലാസിലെ ഭൗതികശാസ്ത്രം പാഠപുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ 9-ാം ക്ലാസിലെ ബയോളജി പാഠപുസ്തകത്തിൽ പ്രഥമ ശുശ്രൂഷയെക്കുറിച്ചും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാത 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള ആരോഗ്യകായിക വിദ്യാഭ്യാസം ആക്ടിവിറ്റി ബുക്കുകളിൽ ജീവൻ രക്ഷാസംബന്ധമായ കാര്യങ്ങളെക്കുറിച്ച് പ്രാഥമിക ജ്ഞാനം ലഭിക്കുന്ന ഉള്ളടക്ക മേഖലകൾ ക്രമമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ